ഇല്ലാത്തവയും കുടിവെള്ളം പരിശോധന നടത്തിയിട്ടില്ലാത്തവയും മലിനജലം നിർമ്മാർജ്ജനം ചെയ്യാനുള്ള സംവിധാനം ഇല്ലാത്തവയും അടുക്കള മാലിന്യങ്ങൾ കളയുന്നതിന് സംവിധാനമില്ലാത്തവയുമാണ്.

(ബി) കൊല്ലം ജില്ലയിൽ 56, പത്തനംതിട്ടയിൽ 344, കോട്ടയം -205, കോഴിക്കോട് 34 വീതം സ്ഥാപനങ്ങളെ ഇത്തരത്തിൽ കണ്ടെത്തിയിട്ടുണ്ട്. മറ്റ് ജില്ലകളിലെ കണക്ക് ലഭ്യമല്ല.

(സി) ആറ്

(ഡി) ഒന്നും സ്ഥാപിച്ചിട്ടില്ല.

(ഇ) മലപ്പുറം ജില്ലയിലെ നഗരസഭാ പ്രദേശങ്ങളിൽ പരിശോധനയിൽ നിലവിൽ 6 സ്ഥാപനങ്ങളിൽ നോട്ടീസ് നൽകിയിട്ടും വേയ്സ്റ്റ് പറ്റുകൾ സ്ഥാപിച്ചിട്ടില്ല. തുടർ പരിശോധനയിൽ ഇവർക്ക് കൂടുതൽ സമയം പ്രശ്നപരിഹാരത്തിന് വേണമെന്ന് ബോധ്യപ്പെട്ടതിനാൽ വീണ്ടും സമയം നീട്ടികൊടുത്തിട്ടുണ്ട്.

ചേലക്കര മണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും

25 (4828) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ എത്ര സാമൂഹികാരോഗ്യകേന്ദ്രങ്ങളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ഉണ്ട്; പ്രസ്തുത കേന്ദ്രങ്ങളിലെ ഒ.പി. വിഭാഗം രോഗികളുടെ എണ്ണവും ഐ.പി. ഉള്ള ആശുപത്രികളിലെ ഐ.പി. വിഭാഗം രോഗികളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഓരോന്നിലും അനുവദിക്കപ്പെട്ട ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ എത്ര; അവയിൽ നിലവിൽ ജോലിചെയ്യുന്നവർ എത്രയുണ്ടെന്നും എത്ര ഒഴിവുകൾ വീതമുണ്ടെന്നും പറയാമോ ;

(സി) ഇതിൽ താലൂക്ക് ആശുപത്രി നിലവാരത്തിൽ ഉയർത്തിയ സാമൂഹികാരോഗ്യ കേന്ദ്രം ഏതാണ്; അതിൽ താലൂക്ക് ആശുപത്രിക്കാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വ്യക്തമാക്കുമോ ;

(ഡി) പാഞ്ഞാൾ, ദേശമംഗലം, വരവൂർ, കൊണ്ടാഴി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഐ.പി. വിഭാഗം സംവിധാനം സജ്ജമാക്കിയിട്ടും അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ രണ്ട് സി.എച്ച്.സി.-കളും ഒൻപത് പി.എച്ച്. സി.- കളും നിലവിലുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ ഒ.പി., ഐ.പി വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സ്ഥാപനം	ഒരു മാസത്തെ ശരാശരി ഒ.പി.	ഒരു മാസത്തെ ശരാശരി ഐ.പി.
1	സി.എച്ച്.സി. പഴയന്നൂർ	7750	102
2	സി.എച്ച്.സി. തിരുവില്ലാമല	9228	141
3	പി.എച്ച്.സി, പാഞ്ഞാൾ	2258	...
4	പി.എച്ച്.സി. മുള്ളൂർക്കര	1278	...
5	പി.എച്ച്.സി. ദേശമംഗലം	5096	...
6	പി.എച്ച്.സി. വള്ളത്തോൾ നഗർ	4307	...
7	പി.എച്ച്.സി. കുത്താമ്പുള്ളി	881	...
8	പി.എച്ച്.സി. ഇളനാട്	1029	...
9	പി. എച്ച്.സി. തോന്നൂർക്കര	1450	...
10	പി.എച്ച്.സി. വരവൂർ	4011	...
11	പി.എച്ച്.സി. കൊണ്ടാഴി	2043	...

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) 20-8-2010-ലെ ജി.ഒ. (എംഎസ്) നമ്പർ 557/10/എച്ച്&എഫ്. ഡബ്ല്യു.ഡി. പ്രകാരം ചേലക്കര സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തി ഉത്തരവാകുകയും 26-2-2011-ലെ ജി.ഒ. (എംഎസ്) നമ്പർ 129/2011/എച്ച്& എഫ്. ഡബ്ല്യു.ഡി. പ്രകാരം ടി ആശുപത്രിയിൽ മൊത്തം 8 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തു. (സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, സിവിൽ സർജൻ-1, ജൂനിയർ കൺസൾട്ടന്റ്, ഗൈനക്കോളജി-2, പീഡിയാട്രിക്സ്-1, ഓർത്തോ-1) ഫാർമസിസ്റ്റ് സ്റ്റോർകീപ്പർ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിലെ അപാകതകൾ പരിഹരിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് മടക്കി നൽകിയിട്ടുണ്ട്.

(ഡി) പാഞ്ഞാൾ, ദേശമംഗലം, വരവൂർ, കൊണ്ടാഴി എന്നീ 24X7 പി.എച്ച്.സി. കളിൽ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ തസ്തികകളും സൃഷ്ടിക്കുന്നമുറയ്ക്ക് ഐ.പി. തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ്‌ആന്റ് ഹെൽത്ത് കെയർ അംഗീകാരം

26 (4829) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര ആശുപത്രികൾക്ക് 'നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ അംഗീകാരം ലഭിച്ചു ; അവ ഏതെല്ലാം ;

(ബി) എൻ.എ.ബി.എച്ച്. അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളെയും എൻ.എ.ബി.എച്ച് നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly